# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 7128 — 16.07.2012 ൽ മറുപടിയ്ക്ക്

**അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ വിജയകരമായി പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;<br>(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി പല റിമോട്ട് ഏരിയാകളിലും പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അടിയന്തിരമായി അംഗീകാരം നൽകുന്നതിന് നടപടി ഉണ്ടാകുമോ? | (എ) & (ബി)<br>വിദ്യാഭ്യാസ അവകാശ നിയമത്തിലെ (Right of Children to Free & Compulsory Education Act 2009) വ്യവസ്ഥകൾ പ്രകാരം വിദ്യാഭ്യാസ സൗകര്യമില്ലാത്ത പ്രദേശത്ത് വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടാക്കേണ്ടതുണ്ട്.പ്രസ്തുത പ്രദേശങ്ങളിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ സ്ക്കൂളുകൾ അനുവദിക്കുകയോ നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യേണ്ടി വരും. നിലവിലുള്ള അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകാരം നൽകേണ്ടതുണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും അംഗീകാരമില്ലാത്ത സ്ക്കൂളുകൾക്ക് അംഗീകാരം നൽകുക. |

സെക്ഷൻ ഓഫീസർ